പതിമൂന്നാം കേരള നിയമസഭ
ഒൻപതാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5703 05.07.2013ൽ മറുപടിയ്ക്ക്

## ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പുമന്ത്രി ) |
|---|---|
| (എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് 2012-2013-ൽ എന്ത് തുക കേന്ദ്ര വിഹിതമായി ലഭിച്ചു; വ്യക്തമാക്കുമോ; | (എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തുള്ള ആകെ 19 എഞ്ചിനീയറിംഗ് കോളേജുകളിൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ടെക്യുപ്)നടപ്പിലാക്കുന്നതിന് 2012-13-ൽ കേന്ദ്ര വിഹിതമായി 1422 ലക്ഷം രൂപ ലഭിച്ചു. |
| (ബി) പ്രസ്തുത പദ്ധതിക്കായി എന്ത് തുക സംസ്ഥാന വിഹിതമായി ലഭ്യമാക്കുകയുണ്ടായി; | (ബി) പ്രസ്തുത പദ്ധതിക്കായി 2012-13-ൽ സംസ്ഥാന വിഹിതമായി 474 ലക്ഷം രൂപ നൽകുകയുണ്ടായി. |
| (സി) 2011-2013-ൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (സി) ടെക്യുപ് 2011 മുതൽ 2013-14 വരെയുള്ള കാലയളവിൽ കേരളത്തിലെ 19 സർക്കാർ/സർക്കാർ നിയന്ത്രിത/എയ്ഡഡ് കോളേജുകൾക്കായി 10 കോടി രൂപ വീതം 190 കോടി രൂപയും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനായി 5.7 കോടി രൂപയും 75:25 എന്ന അനുപാതത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി ലഭിക്കും. ഓരോ . കോളേജിനും ടെക്യുപ് നൽകുന്ന 10 കോടി രൂപയിൽ 5.5 കോടി രൂപ കെട്ടിട നിർമ്മാണം ഒഴികെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനാണ്. ബാക്കി തുക വിദ്യാർത്ഥികളുടെ |

പഠന നിലവാരം ഉയർത്തുവാനും, എം.ടെക്/ഗവേഷണ സ്കോളർഷിപ്പുകൾക്കും, അദ്ധ്യാപകരുടേയും- അനദ്ധ്യാപകരുടേയും വിവിധ പരിശീലനങ്ങൾക്കും, ഗവേഷണ വിപുലീകരണത്തിനും, വ്യാവസായിക ബന്ധസ്ഥാപനത്തിനും, മറ്റ് അക്കാദമിക- ഭരണപരിഷ്കരണങ്ങൾക്കുമാണ്.

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിനായി 2012-2013-ൽ ആകെ എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ? | (ഡി) | ടെക്വിപ് പദ്ധതി നടത്തിപ്പിനായി 2012-13-ൽ ആകെ 16,21,55,143 രൂപ (പതിനാറ് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി അൻപത്തി അയ്യായിരത്തി ഒരുനൂറ്റി നാല്പത്തിമൂന്ന് രൂപ) സംസ്ഥാനത്ത് ചെലവഴിക്കുകയുണ്ടായി. |

Reeth

സെക്ഷൻ ഓഫീസർ